ESTD:1976

# കാരവൽ

1197 കന്നി 28, 1443 റബിഉൽ അവ്വൽ 6, 2021 ഒക്ടോബർ 13 ബുധൻ

## മത്സ്യത്തൊഴിലാളി സംരക്ഷണം: പറച്ചിൽ നിറുത്തുക; ചെയ്യേണ്ടതു ചെയ്യുക

സംസ്ഥാനത്ത് എന്നും ജീവിതപ്രാരാബ്ധങ്ങളും സാമ്പത്തിക പ്രതിസന്ധിയും ഏറ്റവുമധികം നേരിടുന്ന ഒരു വിഭാഗമാണ് തീരദേശവാസികൾ. പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾ.

മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം മത്സ്യബന്ധനവും വിപണനവുമാണ്. താമസം കടപ്പുറങ്ങളിലാണ്. തൊഴിലുമായി ബന്ധപ്പെട്ടാണ് തീരപ്രദേശത്തു താമസിക്കാൻ കാലാകാലങ്ങളായി അവർ നിർബന്ധിതരായിട്ടുള്ളത്.

സംസ്ഥാനത്ത് 12 ലക്ഷത്തിൽപ്പരം തീരപ്രദേശവാസികളാണുള്ളതെന്നാണ് ഏകദേശകണക്ക്. ഇതിൽ ഒൻപതുലക്ഷത്തോളം പേരുടെ ഉപജീവനമാർഗം മത്സ്യബന്ധനമാണെന്നും കണക്കാക്കുന്നു.

അടുത്തകാലത്ത് പ്രകൃതിക്കും പരിസ്ഥിതിക്കും നേരെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആഘാതങ്ങളും അതിന്റെ പ്രതികരണങ്ങളും കടലിലും തീരപ്രദേശങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. കടലാക്രമണവും കടൽക്ഷോഭങ്ങളും ക്ഷുഭിതരായ തിരമാലകൾ സർവ്വശക്തിയു പ്രയോഗിച്ചു സർവനാശകാരികളായി കരയിലേക്ക് അടിച്ചുകയറുന്നതുമൊക്കെ സാധാരണ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. അതിന്റെ നേരിട്ടുള്ള ആഘാതം തീരപ്രദേശങ്ങളിലുള്ളവർക്ക് അനുഭവിക്കേണ്ടി വരുന്നു.

കടൽത്തീരത്തുനിന്ന് ഒരു കീലോമീറ്ററിനുള്ളിൽ നിർമ്മാണപ്രവർത്തനങ്ങളൊന്നും പാടില്ലെന്നു കേന്ദ്ര സർക്കാർ നേരത്തേ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് ആ നിയമവും ഇളവുവരുത്താനുള്ള ന്യായങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒന്നുകിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം പാലിക്കണം. അല്ലെങ്കിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കേന്ദ്രത്തെ ബോധ്യപ്പെടുത്തി പ്രായോഗികവും ശാസ്ത്രീയവും ദീർഘവീക്ഷണത്തോടുകൂടിയതുമായ തീരുമാനമെടുക്കണം. അതു നടപ്പാക്കുകയും വേണം.

പ്രകൃതിയിലുള്ളതും പരിസ്ഥിതിക്കു നേരെ നടത്തിക്കൊണ്ടിരിക്കുന്നതുമായ രൂക്ഷമായ കൈയേറ്റങ്ങൾ ഭൂപ്രകൃതിയുടെ ഘടനയിലും അതുവഴി അന്തരീക്ഷത്തിലും വലിയമാറ്റം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കടലാക്രമണവും കടൽക്ഷോഭവും രൂക്ഷമായിക്കൊണ്ടിരിക്കാനുള്ള സാധ്യതമുൻകൂട്ടി കണ്ടായിരിക്കണം തീരപ്രദേശവുമായി ബന്ധപ്പെട്ട ഏതുതീരുമാനവുമുണ്ടാകേണ്ടത്. തീരപ്രദേശവാസികൾ നമ്മുടെ സഹോദരങ്ങളാണ്. അവർക്കും സുരക്ഷിതമായ താമസസൗകര്യവും ആശ്രയിക്കാവുന്ന തൊഴിലും അതിനുവേണ്ടിയുള്ള സംവിധാനങ്ങളുമുണ്ടാവണം. ഇതുതീരപ്രദേശത്തു തന്നെ സജ്ജമാക്കണമെന്ന അവരുടെ വാശി ശാസ്ത്രീയമോ, പ്രായോഗികമോ അല്ലെന്ന കാര്യം അവരെ ബോധ്യപ്പെടുത്താൻ സർക്കാരും സർക്കാർ സംവിധാനങ്ങളും രാഷ്ട്രീയസംഘടനകളും തയ്യാറാവണം.

സാധാരണ ഇത്തരം കാര്യങ്ങളിൽ അപ്രായോഗിക നിലപാടുകളെടുക്കുകയും അതിൽ മത്സ്യത്തൊഴിലാളികൾക്കൊപ്പം നിൽക്കുന്നതു തങ്ങളാണെന്നു വരുത്തിത്തീർത്ത് അവർക്കിടയിൽ വിഭാഗീയതയുണ്ടാക്കുകയും അതുവഴി രണ്ട് വോട്ട് ഉറപ്പാക്കുകയും ചെയ്യാനുള്ള ശ്രമമാണ് രാഷ്ട്രീയക്കാർ സ്വീകരിക്കാറുള്ളത്. മത്സ്യത്തൊഴിലാളികളുടെ ജീവൻ മരണ പ്രശ്നങ്ങളിൽ അത്തരം നിലപാടു സ്വീകരിക്കരുത്. അവർക്കു സുരക്ഷിതത്വവും തൊഴിൽ ഭദ്രതയും സമാധാനപരമായ ജീവിതവും ഉറപ്പാക്കാനുള്ള പ്രായോഗിക നടപടി ഉണ്ടാവണം.

കടലിൽ കരിങ്കൽക്കഷണങ്ങൾ കൂട്ടിവെച്ചു കടൽക്ഷോഭത്തെ നേരിടാമെന്നതു അൽപ്പത്തരമാണെന്ന് ഇതുവരെ നടന്ന അത്തരം ഏർപ്പാടുകൾ വ്യക്തമാക്കുന്നുണ്ട്. അത്തരത്തിൽ ചെലവാക്കാൻ കണ്ടെത്തുന്നപണത്തിന്റെ നാലിലൊന്നു കൊണ്ടു കടലാക്രമണം ഉണ്ടാകാനിടയില്ലാത്തത്ര ദൂരത്തിൽ തീരപ്രദേശത്തോടു ചേർന്നു ഭവനസമുച്ചയങ്ങൾ ഉണ്ടാക്കാം. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ജീവിക്കാനുള്ള സൗകര്യമുണ്ടാക്കണം. മത്സ്യത്തൊഴിലാളിക്ഷേമമെന്ന് എത്രയോ കാലമായി ഏതൊക്കെ സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇനി പറച്ചിൽ മതിയാക്കി ചെയ്യാനുള്ള കാര്യം ചെയ്യണം. ഭരണം കൊണ്ട് ആർക്കെങ്കിലും ശാശ്വതസമാധാനമുണ്ടാക്കാൻ കഴിഞ്ഞാൽ അതല്ലേ വലിയ കാര്യം.



*കോട്ടപ്പുറം ഇടത്താറ ജുമാമസ്ജിദ് നവീകരണത്തിന്റെ ഭാഗമായുള്ള കുറ്റിയടിക്കൽ കർമ്മം ആനച്ചാൽ മുദരിസും ഖതീബുമായ അബൂബക്കർ ബാഖവി നിർവ്വഹിക്കുന്നു*

## പി.കെ.പി ഉസ്താദിനായി പ്രാർത്ഥന നടത്തി

മഞ്ചേശ്വരം: സമസ്ത വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റായിരുന്ന പി.കെ.പി അബ്ദുസ്സലാം മുസ്ലിയാർക്ക് വേണ്ടി എസ്.കെ.എസ്.എസ്.എഫ് ജില്ലാ കമ്മറ്റി പ്രത്യേക പ്രാർത്ഥന നടത്തി. ഹൊസങ്കടി സമസ്ത ആസ്ഥാന മന്ദിരത്തിൽ സംഘടിപ്പിച്ച പ്രാർത്ഥനാ മജ്ലിസിന് സമസ്ത ജില്ലാ മുശാവറ അംഗം പാത്തൂർ അഹ്മദ് മുസ്ലിയാർ നേതൃത്വം നൽകി. വി.കെ മുഷ്താഖ് ദാരിമി, ഇസ്മായിൽ അസ്ഹരി, കജെ മുഹമ്മദ് ഫൈസി, സുബൈർ ദാരിമി അൽഖാസിമി പടന്ന, സിദ്ദീഖ് അസ്ഹരി പാത്തൂർ, ഫാറൂഖ് മൗലവി, നാസർ ഫൈസി, ഫാറൂഖ് ഫൈസി, ഇബ്രാഹിം മുസ്‌ലിയാർ കജെ, നാസർ മച്ചമ്പാടി സംബന്ധിച്ചു.

## ലോക മാനസികാരോഗ്യ ദിനാചരണം

പെരിയ: കേരള കേന്ദ്ര സർവ്വകലാശാലയിലെ ഡോ.എ.പി.ജെ. അബ്ദുൾ കലാം സെന്റർ ഫോർ എക്സ്റ്റൻഷൻ സർവ്വീസസും യോഗ പഠന വകുപ്പും സംയുക്തമായി ലോക മാനസികാരോഗ്യ ദിനം ആഘോഷിച്ചു. 'മഹാമാരിക്കാലത്തെ മാനസികാരോഗ്യം' എന്ന വിഷയത്തിൽ വെബിനാർ നടന്നു. വൈസ് ചാൻസലർ പ്രൊഫ.എച്ച്.വെങ്കടേശ്വർലു ഉദ്ഘാടനം ചെയ്തു.

# നിലച്ചു ഇശൽ തേൻമഴ



എം എ മൂസ മൊഗ്രാൽ

**ആ**യിരത്തിലേറെ വേദികളും, ആയിരത്തോളം രചനകളുമായി മലപ്പുറം കൊണ്ടോട്ടിക്കടുത്ത പുളി ക്കലിലെ വടക്കുംങ്ങര മുഹമ്മദ് കുട്ടി ലോകമറിയുന്ന വി എം കുട്ടിയായത് പാടി രസിപ്പിച്ചും, പാട്ടെഴുതിയുമാണ്. അധ്യാപക ജോലി വേണ്ടെന്ന് വെച്ചാണ് കലാ ലോകത്തേക്ക് എത്തിയതും, പ്രശസ്തനായതും.

1955 ൽ കോഴിക്കോട് ആകാശവാണിയിലെത്തി നാട്ടിൻപുറം പരിപാടിയിൽ പാടുമ്പോൾ രാമനാട്ടുകരയിൽ അധ്യാപക പഠനത്തിലാ യിരുന്നു. 1957ൽ കൊളത്തൂർ എഎംഎ സ്കൂളിൽ പ്രധാനാധ്യാപകനായി നിയമനം. പാട്ടും, ഡ്യൂട്ടിയും ഒന്നിച്ചു പോകില്ലെന്നായപ്പോൾ 1960 ൽ ജോലി രാജിവെച്ച് ഗ്രാമഫോൺ റെക്കോർഡിനായി പാടാൻ മദ്രാസിലേക്ക് വണ്ടി കയറുകയായിരുന്നു.

1983 ൽ പുറത്തിറങ്ങിയ യേശുദാസ് ആലപിച്ച മൈലാഞ്ചി പാട്ടുകളാണ് ബി എം കുട്ടിയെ പ്രശസ്തനാക്കിയത്.വി എം കുട്ടിയും, വിളയിൽ ഫസീലയും (വത്സല) 70-90 കാലഘട്ടത്തിൽ മാപ്പിളപ്പാട്ട് വേദികളിൽ തരംഗമായിരുന്നു. വത്സല ഉൾപ്പെടെ എണ്ണമറ്റ ശിഷ്യന്മാരുണ്ട് വി എം കുട്ടിക്ക്. പാട്ടിന്റെ ലോകത്ത് വിഎം കുട്ടി ആറു പതിറ്റാണ്ടു പിന്നിടുമ്പോഴും വേദികളിൽ നിന്ന് വേദികളിലേക്കുള്ള ഓട്ടത്തിലായിരുന്നു.

പതിനാലാം രാവ്, മൈലാഞ്ചി, ഉല്പത്തി, 1921, സമ്മാനം, സമ്മേളനം, മാന്യമഹാ ജനങ്ങളെ,മാർക്ക് ആന്റണി, പരദേശി എന്നീ സിനിമകളിൽ വിവിധ വേഷങ്ങളിലെത്തി. ചിലതിൽ സംഗീതസംവിധാനം, ചിലതിൽ ഗാനാലാപനം, നടൻ, ഒപ്പന സംവിധായകൻ, ഗാനരചന എന്നിങ്ങനെയും വി എം കുട്ടി സിനിമാരംഗത്തു തിളങ്ങി നിന്നു. സാഹിത്യരംഗത്തെ എല്ലാ മേഖലകളിലും വി എം കുട്ടിയുടെ സംഭാവന വലുതായിരുന്നു. കുട്ടിക്കവിതകൾ, നാടകം, മാലപ്പാട്ട്, ഗാനസമാഹാരം, ലേഖനം, ഓർമ്മക്കുറിപ്പുകൾ, ചരിത്രനോവൽ എന്നിങ്ങനെ പോകുന്നു വിഎം കുട്ടിയുടെ എഴുത്തുകൾ. പതിനഞ്ചോളം പുസ്തകങ്ങൾ അദ്ദേഹത്തിന്റെതായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

വി എം കുട്ടി ഉണ്ടാക്കിയ ട്രൂപ്പുമൊത്ത് ആദ്യമായി ഗൾഫിൽ പാടാൻ എത്തിയത് 1978 ലായിരുന്നു. യുഎഇ, സൗദി അറേബ്യ, ബഹ്റൈൻ, കുവൈറ്റ്, ഖത്തർ, മസ്കത്ത് തുടങ്ങിയ ഗൾഫ് നാടുകളിലായി 25വോളം സ്റ്റേജ് പരിപാടികളാണ് അന്ന് അവതരിപ്പിച്ചത്. 1978 നും 2016 നും ഇടയിലുള്ള കാലയളവിൽ ഏതാണ്ട് നൂറിലേറെ തവണ ഗൾഫ് നാളുകൾ സന്ദർശിക്കുകയും, ആയിരത്തിലേറെ സ്റ്റേജ് പരിപാടികൾ അവതരിപ്പിക്കാനും വി എം കുട്ടിക്ക് സാധിച്ചു.



കഴിഞ്ഞ ആറു പതിറ്റാണ്ടുകാലത്തെ സംഗീത സപര്യക്കിടയിൽ മുന്നൂറോളം അവാർഡുകൾ വി എം കുട്ടിയെ തേടിയെത്തിയിരുന്നു. കേരള സംഗീത നാടക അക്കാദമി, കേരള കലാമണ്ഡലം ഇൻസ്റ്റിറ്റ്യൂട്ട്, മാപ്പിള കലാ രത്നം,ടി ഉബൈദ് ട്രോഫി തുടങ്ങിയ പുരസ്കാരങ്ങൾ അവയിൽ ചിലതു മാത്രം.

സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ചലച്ചിത്ര അക്കാദമി, മോയിൻകുട്ടി വൈദ്യർ സ്മാരക കമ്മിറ്റി തുടങ്ങിയവയിൽ അംഗമായിരുന്നു.

സുൽഫത്തും, പരേതയായ ആമിനകുട്ടിയുമാണ് ഭാര്യമാർ. അഷ്റഫ്, മുബാറക്, സൽമാൻ, റഹ്മത്തുള്ള, ബർകത്തുള്ള, ബുഷ്റ, ഷഹർബാൻ, കുഞ്ഞുമോൾ എന്നിവർ മക്കളാണ്.കേരളത്തിൽ സ്വന്തമായി മാപ്പിളപ്പാട്ടിന് ഗാനമേള ട്രൂപ്പുണ്ടാക്കിയത് വി എം കുട്ടിയാണ്. പൊതുവേദിയിൽ ആദ്യമായി ഗാനമേള അവതരിപ്പിച്ചതും അദ്ദേഹമാണ്.1972ൽ കവി ടി ഉബൈദിന്റെ ആവശ്യപ്രകാരം കാസർകോട്ടു നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ വെച്ചായിരുന്നു അത്.1987ൽ കവരത്തി സന്ദർശിക്കാനെത്തിയ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കു മുന്നിൽ മാപ്പിളപ്പാട്ട് അവതരിപ്പിക്കാൻ ക്ഷണിക്കപ്പെട്ടതും വി എം കുട്ടിയാണ്. ആയിരക്കണക്കിന് മാപ്പിളപ്പാട്ടുകൾക്ക് ശബ്ദവും സംഗീതവും നൽകിയ വി എം കുട്ടി കവിയും മികച്ച ഗാനരചയിതാവുമാണ്.

മാപ്പിളപ്പാട്ടിന്റെ ലോകം, ബഷീർ മാല, ഭക്തിഗീതങ്ങൾ, മാനവ മൈത്രി ഗാനങ്ങൾ, കുരുവിക്കുഞ്ഞ്(കുട്ടിക്കവിത) എന്നിവയാണ് വി എം കുട്ടിയുടെ പ്രധാന കൃതികൾ.

> കേരളത്തിൽ സ്വന്തമായി മാപ്പിളപ്പാട്ടിന് ഗാനമേള ട്രൂപ്പുണ്ടാക്കിയത് വി എം കുട്ടിയാണ്. പൊതുവേദിയിൽ ആദ്യമായി ഗാനമേള അവതരിപ്പിച്ചതും അദ്ദേഹമാണ്.1972ൽ കവി ടി ഉബൈദിന്റെ ആവശ്യപ്രകാരം കാസർകോട്ട് നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ വെച്ചായിരുന്നു അത്. 1987ൽ കവരത്തി സന്ദർശിക്കാനെത്തിയ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കു മുന്നിൽ മാപ്പിളപ്പാട്ട് അവതരിപ്പിക്കാൻ ക്ഷണിക്കപ്പെട്ടതും വി എം കുട്ടിയാണ്.

### ചരിത്ര ഭൂമികൾ തേടി ഒരു തീർത്ഥയാത്ര – 26

# ജീവിതം സാരോപദേശമാക്കിയ ഉവൈമിറ

**ച**രിതഭൂമിയിലൂടെ സഞ്ചരിക്കുമ്പോൾ വലിയ ഉപദേശങ്ങൾ ഹൃദയത്തിൽ ഉടലെടുക്കുന്നിടമാണ് ഉവൈമിറുൽ ഖസ്റജി എന്ന അബു ദർദാഇന്റെ മഖ്ബറ. ആദ്യകാലത്ത് ഇസ്ലാമിലേക്ക് വരാൻ കഴിയാത്ത വിധം വിഗ്രഹാരാധനക്ക് അടിമപ്പെട്ടയാളായിരുന്നു അദ്ദേഹം. ബദർ യുദ്ധാനന്തരമാണ് അദ്ദേഹം ഇസ്ലാമിലേക്ക് കടന്നു വരുന്നത്. ഉറ്റ സുഹൃത്താണ് അബ്ദില്ലാഹിബ്നു റവാഹ. കൂട്ടുകാരന്റെ അന്ധവിശ്വാസം അദ്ദേഹത്തെ വല്ലാതെ അസ്വസ്ഥനാക്കി. ബദർ യുദ്ധം കഴിഞ്ഞുവന്ന അബ്ദില്ലാഹിബ്നു റവാഹ കൂട്ടുകാരനെ കാണാനെത്തി. അദ്ദേഹം വീട്ടിലുണ്ടായിരുന്നില്ല. അള്ളാഹു അല്ലാത്ത ദൈവങ്ങളെയൊക്കെയും നിരർത്ഥകങ്ങളാണെന്ന് ഉരുവിട്ട് കൊണ്ട് പൂജാ മുറിയിലെ വിഗ്രഹം തല്ലിയുടച്ചു. ശബ്ദം കേട്ട് ഓടിയെത്തിയ അബൂദർദാ ഇന്റെ ഭാര്യനിലവിളിച്ചു. കച്ചവടം കഴിഞ്ഞ് വീട്ടിലെത്തിയ അബൂദർ ദാഅ് ഭാര്യയുടെ ദു:ഖഭാവം കണ്ട് കാര്യമമ്പേഷിച്ചു. പൂജാ മുറിയിലേക്ക് വിരൽ ചൂണ്ടി ഇബ്നുറവാഹ ചെയ്ത അതിക്രമം അറിയിച്ചു. ക്ഷുഭിതനായ അബൂദർദാഅ് പറഞ്ഞു ഇബ്റവാഹയോട് ഞാൻ ഇതിന് പ്രതികാരം ചെയ്യും കുറെ കഴിഞ്ഞപ്പോൾ കോപം അടങ്ങിയ അദ്ദേഹം ചിന്തിച്ചു. എന്ത് കൊണ്ട് ഞാൻ ആരാധിച്ച ഈ വസ്തുക്കൾക്ക് സ്വയം രക്ഷപ്പെടാനായില്ല? സ്വയം രക്ഷപ്പെടാൻ കഴിയാത്ത ഇവരാണോ എന്നെ രക്ഷപ്പെടുത്തുന്നത്? അദ്ദേഹം അബ്ദുള്ളാഹിബ്നു റവാഹയെയും കൂട്ടി തിരുമുമ്പിലെത്തി. ഇസ്ലാം ആശ്ലേഷിച്ചു. ഈപരിവർത്തനം സമ്പൂർണ്ണമായിരുന്നു. സത്യവിശ്വാസം രക്തത്തിലും മജ്ജയിലും അലിഞ്ഞുചേർന്നു. തനിക്ക് നഷ്ടപ്പെട്ടകാലങ്ങൾ വീണ്ടെടുക്കുകയായിരുന്നു പിന്നീടദ്ദേഹം. നേരത്തെ വിശ്വസിച്ചവർ ആർജ്ജിച്ച അറിവുകൾ സ്വായത്തമാക്കാൻ അദ്ദേഹം കഠിന പരിശ്രമത്തിൽ ഏർപ്പെട്ടു.

യോഗിയെ പോലെ ആരാധനയിലും ദാഹാർ ത്ഥന്റെ ആർത്തിയോടെ ജ്ഞാന സമ്പാദനത്തിലും അദ്ദേഹം ഏർപ്പെട്ടു. എല്ലാ ഭൗതിക സുഖങ്ങളും വെടിഞ്ഞ അദ്ദേഹം ഫഖീറിനെ പോലെ ജീവിച്ചു. ഇതിനെക്കുറിച്ച് ചോദിച്ച ആളുകളോട് അദ്ദേഹം പറഞ്ഞു. എനിക്കും കുടുംബത്തിനും മറ്റൊരു വീടുണ്ട്. ഇവിടം വിട്ടു പോവുമ്പോൾ അതൊക്കെയും കൊണ്ടു പോവുക ദുഷ്കരമാണ്. ആയതിനാൽ അത് നേരത്തെ കൊടുത്തയക്കുന്നു ശാമിലെ ഗവർണ്ണറായി ഉമശബ്നു ഖത്താബ് ഉദ്ദേശിച്ചത് അർബുദർദാഇനെയായിരുന്നു. അദ്ദേഹം അത് നിരസിച്ചു. നിർബന്ധിച്ചപ്പോൾ പറഞ്ഞു.

ഖുർആനും നബി ചര്യയും പഠിപ്പിക്കാനും പള്ളികളിൽ ഇമാമത്ത് നിൽക്കാനും വേണമെങ്കിൽ ഞാൻ പോകാം. ഉമർ സമ്മതിച്ചത് പ്രകാരം ദമാസ്കസിലേക്ക് അദ്ദേഹം യാത്രയായി. അവിടെയെത്തിയപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടു. ജനങ്ങൾ ഭൗതികതയിലും സുഖാഡംബരത്തിലും കഴിയുന്നു. അദ്ദേഹം ജനങ്ങളെ വിളിച്ചു കൂട്ടി ഇപ്രകാരം പറഞ്ഞു. ദമാസ്കസ്കാരേ നിങ്ങൾ എന്റെ ദീനിലെ സഹോദരങ്ങളാണ്. നിങ്ങളിൽ നിന്നും ഞാൻ ഒന്നും കൊതിക്കുന്നില്ലാ എന്നാൽ നിങ്ങളെന്റെ വാക്കുകൾ ശ്രദ്ധിക്കണം. നിങ്ങളിലെ പണ്ഠിതർ മരിക്കുന്നു. പാമരന്മാർ പഠിക്കുന്നുമില്ല.

> ജീവിതത്തിൽ അങ്ങേയറ്റം സൂഷ്മതയും ആദർശ നിഷ്ഠയും പുലർത്തിയ അദ്ദേഹത്തിന്റെ അന്ത്യരംഗവും ശ്രദ്ധേയമായിരുന്നു. സുഹൃത്തുക്കൾ അദ്ദേഹത്തോട് ചോദിച്ചു. താങ്കളെ ദു:ഖിപ്പിക്കുന്നതെന്താണ് അദ്ദേഹം പറഞ്ഞു. എന്റെ പാപങ്ങൾ താങ്കളുടെ ആഗ്രഹം? നാഥന്റെ മാപ്പ്. തുടർന്നു ലാഹിലാഹഇല്ലള്ള മുഹമ്മദ് റസൂലുള്ള എന്ന് ഉറക്കെ ചൊല്ലിത്തരാൻ അദ്ദേഹം ആവശ്യപ്പെട്ടു.

അല്ലാഹുവിന്റെ ശാസനകളെ നിങ്ങൾ കൈ വെടിയുന്നു. തിന്നാൻ കഴിയാത്തതാണ് നിങ്ങൾ ശേഖരിക്കുന്നത്. കെട്ടിപ്പൊക്കുന്നതാണെങ്കിൽ വസിക്കാൻ കഴിയാത്തതും. നിങ്ങളുടെ മുൻഗാമികൾ ഇത്തരത്തിൽ ശേഖരിച്ചത് വിട്ടൊഴിഞ്ഞാൽ നിങ്ങൾ കാണുന്നില്ലേ?. അവരുടെ ശ്മശാനങ്ങൾ ഖബിറടങ്ങളായത് നിങ്ങൾ കണ്ടില്ലേ?. രണ്ട് ദിർഹം കൊടുത്തു നിങ്ങൾ ആരെങ്കിലും ആ ആവശിഷ്ടങ്ങൾ വാങ്ങുമോ?.

ചോദ്യം ശ്രോദ്ധാക്കളുടെ ഉള്ളിൽ തട്ടി. അവർ വാവിട്ട് നിലവിളിച്ചു. അബുദർ ദാഇന്റെ പ്രഭാഷണങ്ങൾ അവരെ ആത്മീയതയിലേക്ക് വഴിതെളിച്ചു. സാരോപദേശങ്ങൾ വീണ്ടും വീണ്ടും അവരുടെ കാതുകളിൽ അലയടിച്ചു. മഹാപാതകം ചെയ്ത ഒരാളെ ജനങ്ങൾ കൂട്ടം കൂടി മർദ്ദിക്കുന്നു. അദ്ദേഹം പറഞ്ഞു അരുത്. അവർ ചോദിച്ചു തെറ്റ് ചെയ്ത ഇവനെ താങ്കൾ വെറുക്കുന്നില്ലേ. അദ്ദേഹം പറഞ്ഞു ഇല്ല. ഇവൻ ചെയ്ത തെറ്റിനെയാണ് ഞാൻ വെറുക്കുന്നത്. ഇയാൾ ഒരു കിണറ്റിൽ വീണാൽ രക്ഷിക്കില്ലേ. അത് പോലെ ഇയാളുടെ തെറ്റിൽ നിന്നും രക്ഷിക്കുന്നു.

ഒരിക്കൽ ഒരാൾ പറഞ്ഞു. നബി (സ)യുടെ സഹചാരിയായ അങ്ങ് എന്നെ ഉപദേശിച്ചാലും. അപ്പോൾ പറഞ്ഞു. സുഖത്തിൽ നീ അള്ളാഹുവിനെ ഓർക്കുക. അപ്പോൾ ദു:ഖത്തിൽ അവൻ നിന്നെ ഓർക്കും. അങ്ങാടിയിൽ അലഞ്ഞു തിരിയുന്ന യുവാക്കളോട് പള്ളിയിലേക്ക് പോകാൻ പ്രോത്സാഹിപ്പിച്ച അദ്ദേഹം പറഞ്ഞു അങ്ങാടി നിങ്ങളെ അലസരും അധമരുമാക്കും. ദമസ്കയിലെത്തിയ ഉമർ (റ) അദ്ദേഹത്തിന്റെ ഇടുങ്ങിയ ജീവിതം കണ്ടപ്പോൾ പറഞ്ഞു. നിങ്ങൾക്കാവശ്യമായ സൗകര്യമൊരുക്കാൻ ഞാൻ ആവശ്യപ്പെട്ടിരുന്നല്ലോ?.

അദ്ദേഹം പറഞ്ഞു നബി തിരുമേനി നമ്മോട് പറഞ്ഞത് താങ്കൾ ഓർക്കുന്നില്ലേ. ദുൻയാവിലെ നിങ്ങളുടെ ഓഹരി സഞ്ചാരിയുടെ ഭക്ഷണപ്പൊതിപോലെയാവണമെന്ന്. എന്നിട്ടും നാം എന്താണ് ചെയ്യുന്നത്. ഉമർ കരഞ്ഞു. കണ്ണീരിൽ കുതിർന്ന അവരുടെ സംഭാഷണം പ്രഭാതം വരെ തുടർന്നു.

അദ്ദേഹത്തിന്റെ ഉമ്മയോട് ഒരാൾ ചോദിച്ചു, എന്താണ് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടത്. ചിന്തിച്ചു സത്യം കണ്ടെത്തലാണെന്ന് അവർ പറഞ്ഞു. ഒരു മണിക്കൂർ ചിന്തിക്കുന്നത് ഒരു രാത്രിമുഴുവൻ ആരാധിക്കുന്നതിന് തുല്യമാണെന്ന അബൂദർദാഇന്റെ വചനങ്ങൾക്ക് മരണമില്ല. അന്യരെ ദ്രോഹിക്കുന്നവരെ ഞാൻ വെറുക്കുന്നു. അള്ളാഹുവിനെയല്ലാതെ ആശ്രയിക്കാനില്ലാത്തവരെ ദ്രോഹിക്കുന്നവരെ ഞാൻ കൂടുതൽ വെറുക്കുന്നു. പണ്ഠിതനാവാതെ നിങ്ങൾക്ക് ഭക്തനാവാനാവില്ലെന്ന വചനവും അബൂദർ ഇന്റേതാണ്. ജീവിതത്തിൽ അങ്ങേയറ്റം സൂക്ഷ്മതയും ആദർശ നിഷ്ഠയും പുലർത്തിയ അദ്ദേഹത്തിന്റെ അന്ത്യം രംഗവും ശ്രദ്ധേയമായിരുന്നു. സുഹൃത്തുക്കൾ അദ്ദേഹത്തോട് ചോദിച്ചു. തങ്കളെ ദു:ഖിപ്പിക്കുന്നതെന്താണ് അദ്ദേഹം പറഞ്ഞു. എന്റെ പാപങ്ങൾ താങ്കളുടെ ആഗ്രഹം? നാഥന്റെ മാപ്പ്. തുടർന്നു ലാഇലാഹഇല്ലള്ള മുഹമ്മദ് റസൂലുള്ള എന്ന് ഉറക്കെ ചൊല്ലിത്തരാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആ മഹദ്വചനം ഉച്ചരിച്ചുകൊണ്ടു തന്നെ അദ്ദേഹം യാത്രയായി.

ഒരാളുടെ അവസാന വാചകം ലാഇലാഹ ഇല്ലള്ളാ എന്നായാൽ അവൻ സ്വർഗ്ഗാവകാശിയാണ് പ്രവാചക വചനം കാതിലേക്ക് ഇളം കാറ്റ് പോലെ വീശിയടിച്ചു. ഇവിടെയിതാ അങ്ങിനെയൊരാൾ!. നാഥാഞങ്ങളുടെ അവസാന വചനവും കലിമത്തുത്തൗഹീദാകാൻ ഭാഗ്യം നൽകേണമേ....

## കാവ്യഭംഗിയിൽ പൂത്ത പ്രവാചക പ്രകീർത്തനം

**ലോ**കാനുഗ്രഹി എന്ന് തിരുനബിയെ വാഴ്ത്തിയത് ഖുർആൻ തന്നെയാണ്. എല്ലാ അർത്ഥത്തിലും അനുഗ്രഹിക്കപ്പെട്ട മറ്റൊരാൾ ഈ ലോകത്ത് വന്നിട്ടില്ലതാനും. ഉച്ഛനീചത്വങ്ങൾ തുടച്ചുമാറ്റി വിശ്വാസത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് ലോകത്തെ കൈപിടിച്ചുയർത്തിയ തിരു നബിയെ പ്രകീർത്തിക്കാതിരിക്കാൻ ആർക്കും സാധ്യമല്ല. അതോടൊപ്പം ആ കീർത്തനത്തെ ഏതെങ്കിലും ശിലകളിലോ പുസ്തകങ്ങളിലോ ഒതുക്കാനുമാവില്ല. ജലകണങ്ങൾ മുഴുവൻ മഷിയായിമാറിയാലും പ്രവാചക പ്രകീർത്തനമെഴുതിത്തീർക്കാൻ അത് മതിയാവില്ല. ഹൃദയത്തിൽ അലകടൽ പോലെ ഇരമ്പിവന്ന പ്രവാചക പ്രകീർത്തനത്തെ അക്ഷരങ്ങളാക്കി ജീവൻ നൽകിയവർ ഒട്ടനവധി. അവരിൽ പ്രധാനിയായ ഇമാം ബൂസ്വീരിയുടെ ഖബറിടത്തിലാണ് ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. ഇവിടുത്തെ ബൂസ്വീർ എന്ന ഗ്രാമത്തിൽ ഹിജറ 608 ലാണ് മഹാനവർകൾ ജനിച്ചത്. ഇമാം മഹമ്മദ് ബിൻ സഈദ് ഷറഫുദ്ദീൻ എന്നാണ് യഥാർത്ഥനാമം യൗവനകാലം രാജസദസ്സിലെ ആസ്ഥാന കവിയായി സേവനമനുഷ്ഠിച്ചും രാജസ്തുതികൾ ആലപിച്ചും ഭൗതിക കാവ്യങ്ങൾ രചിച്ചും കൈഎഴുത്ത് പ്രതികൾ പകർത്തി എഴുതിയുമാണ് ജീവിച്ചത്. ഒടുവിൽ തളർവാതം പിടിപെട്ട് കിടപ്പിലായപ്പോഴാണ് രോഗ ശമനം കാംക്ഷിച്ചും അശ്രദ്ധമായ ഭൂതകാലത്തെ ഓർത്ത് പാശ്ചാത്തപിച്ചും നുദ്ദേഹം പ്രവാചകസ്തുതി കാവ്യമായ ബുർദ എഴുതുന്നത്. കരഞ്ഞ് കണ്ണീരൊഴുക്കി കാവ്യ രചനയിൽ ഏർപ്പെട്ട അദ്ദേഹത്തെ തിരുനബി സ്വപ്നത്തിൽ വന്നു അനുഗ്രഹിക്കുകയും അവിടത്തെ മേൽമുണ്ട് എടുത്ത് ധരിപ്പിക്കുകയും ചെയ്തുവത്രെ അതുകൊണ്ടാണ് മേൽമുണ്ട് എന്ന പേരിൽ ബുർദ എന്ന് വിളിച്ചതെന്ന് പ്രബലാഭിപ്രായം. അതല്ല രോഗശമനം അദ്ദേഹത്തിന് ലഭിച്ചതിനാൽ "ബുർദ്ദാഅ്" എന്നത് ചുരുക്കി ബുർദ എന്ന് നാമകരണം ചെയ്തു എന്ന അഭിപ്രായവും ഉണ്ട്. ഏതായാലും പ്രവാചക പ്രകീർത്തനം എന്ന് കേൾക്കുമ്പോൾ മനസ്സിൽ ഉയർന്നു വരുന്ന ആദ്യവരി ബുർദ്ദയിൽ നിന്ന് തന്നെയാവം. ഉമ്മയുടെ മടിത്തട്ടിൽ വെച്ച് കേട്ട് തുടങ്ങിയ മദ്ഹ്ഗീത രചയിതാവിന്റെ ഖബറിടം സന്ദർശിക്കുമ്പോഴും ഹൃദയത്തിൽ തുടികൊട്ടുന്നത് ഈ പ്രവാചക പ്രകീർത്തനത്തിലെ ആദ്യ വരി തന്നെ.



ഇബ്രാഹിം മുണ്ട്യത്തടുക്ക